## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1575 — 21.03.2012 ൽ മറുപടിയ്ക്ക്

## വരുമാന ഭദ്രതാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു.കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിവകുപ്പ് "വരുമാനഭദ്രതാ" എന്ന പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>പ്രകൃതിക്ഷോഭം, കീട രോഗാക്രമണം, വിലയിടിവ്, മുതലായവ കാരണം കർഷകർക്ക് നഷ്ടം നേരിടേണ്ടിവരുന്ന സാഹചര്യത്തിൽ ഉൽപ്പാദനച്ചെലവും നാമമാത്ര ലാഭവും ചേർത്ത് വരുമാനം ഉറപ്പുവരുത്തുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. |
| (ബി) നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയും, വളം, വിത്ത്, കീടനാശിനി എന്നിവയ്ക്കുള്ള സബ്സിഡിയും നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കേരളത്തിലെ കർഷകർക്കും വിളകൾക്കുമായി ഒരു സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 17.3.2012 ലെ ജി.ഒ.(എം.എസ്.) 55/2012/കൃഷി നമ്പർ ഉത്തരവുപ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വളം, വിത്ത്, കീടനാശിനി എന്നിവയ്ക്കുള്ള സബ്സിഡി നിർത്തലാക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |
| (സി) അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി)<br>1) സംയോജിത കീട രോഗ നിയന്ത്രണ പദ്ധതി.<br>2) സുസ്ഥിര നെൽകൃഷി വികസന പദ്ധതി<br>3) പ്രകൃതിക്ഷോഭം കണ്ടിജൻസി പ്രോഗ്രാം.<br>4) നാളികേര വികസന പദ്ധതി.<br>5) കർഷക പരിശീലനവും വിജ്ഞാന വ്യാപനവും.<br>6) കാർഷിക വിപണനം.<br>7) ലാബുകളുടെ ആധുനികവൽക്കരണം, ഗുണനിയന്ത്രണം.<br>8) പച്ചക്കറി വികസന പദ്ധതി.<br>9) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരമുള്ള |

പദ്ധതികൾ.

10) ബയോ ഗ്യാസ് പദ്ധതി.
11) ചെറുകിയ യന്ത്രവൽക്കരണം.
12) ഉൽപ്പാദന ബോണസ്.
13) കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതി
14) നെൽകർഷകർക്ക് ഉല്പാദന ബോണസ് വിതരണം.
15) കൃഷിക്കുവേണ്ടി സൗജന്യ വൈദ്യുതി
16) പ്രകൃതി ക്ഷോഭത്താൽ വിനാശം സംഭവിക്കുന്നതിന് നഷ്ടപരിഹാരം.
17) ഹോർട്ടി കൾച്ചറൽ മിഷൻ പദ്ധതി.
18) ആത്മ
19) ഭക്ഷ്യസുരക്ഷാ പദ്ധതി
20) നാളീകേര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന തെങ്ങിൻതോട്ടങ്ങളുടെ സമഗ്ര വികസന പദ്ധതി.

സെക്ഷൻ ഓഫീസർ